**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1480 07-06-2018 ൽ മറുപടിക്ക്**

## സർക്കാർഭൂമി കൈയേറ്റം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി.ടി. ബൽറാം<br>ശ്രീ.പി.ടി.തോമസ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സർക്കാർഭൂമി കൈയ്യേറ്റം ഓരോ ജില്ലയിലും എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ;<br>(ബി) ഇതിൽ ഓരോ ജില്ലയിലും സർക്കാർ തിരിച്ചുപിടിച്ച ഭൂമി എത്രയാണെന്ന് വിശദമാക്കാമോ; | (എ) യും (ബി) യും സംസ്ഥാനത്തെ സർക്കാർ ഭൂമി കയ്യേറ്റങ്ങളുടെ എണ്ണവും തിരിച്ചുപിടിച്ച ഭൂമിയുടെ വിസ്തീർണ്ണവും ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു |

| ക്രമ നമ്പർ | ജില്ല | കയ്യേറ്റങ്ങളുടെ എണ്ണം | തിരിച്ചു പിടിച്ച ഭൂമിയുടെ വിസ്തീർണ്ണം (ഹെക്ടർ) |
| --- | --- | --- | --- |
| 1 | തിരുവനന്തപുരം | 110 | 4.60.91 |
| 2 | കൊല്ലം | 101 | 12.63.18 |
| 3 | പത്തനംതിട്ട | 192 | 3.20.06 |
| 4 | ആലപ്പുഴ | 594 | 5.82.93 |
| 5 | കോട്ടയം | 81 | 8.24.03 |
| 6 | ഇടുക്കി | 115 | 179.69.52 |
| 7 | എറണാകുളം | 169 | 2.46.71 |
| 8 | തൃശ്ശൂർ | 76 | 3.75.00 |
| 9 | മലപ്പുറം | 43 | 3.31.37 |
| 10 | പാലക്കാട് | 575 | 1.58.44 |
| 11 | കോഴിക്കോട് | 229 | 6.26.03 |
| 12 | വയനാട് | 153 | 4.71.31 |
| 13 | കണ്ണൂർ | 88 | 0.26.92 |
| 14 | കാസർഗോഡ് | 110 | 4.60.91 |
| | **ആകെ** | **2636** | **241.1732 (ഹെക്ടർ)** |

| ചോദ്യം | മറുപടി |
| --- | --- |
| (സി) ബാക്കിയുള്ള ഭൂമി തിരിച്ചു പിടിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (സി) സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമം 1957 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. താലൂക്ക് തലങ്ങളിൽ ഭൂരേഖാ തഹസിൽദാരുടെ നേതൃത്വത്തിലും ജില്ലാ തലങ്ങളിൽ (എൽ.ആർ) ഡെപ്യൂട്ടി കളക്ടർമാരുടെ നേതൃത്വത്തിലും സ്ക്വാഡുകൾ രൂപീകരിച്ച് കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ